ALPHA INSTITUTE
OF THEOLOGY AND SCIENCE
Sandesabhavan, Thalassery, Kerala, India - 670 101

# Online Viva Model Questions

## ആരാധനാക്രമ ദൈവശാസ്ത്രം

### *ഒറ്റവാക്കിൽ ഉത്തരം നൽകുക*

1. പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിന്റെ കേന്ദ്രം ഏതായിരുന്നു?
2. ബൈസന്റയിൻ ആരാധനാക്രമം ഏത് ഭാഷയിലാണ് രൂപം കൊണ്ടത്?
3. എപ്പിക്ലേസിസ് എന്ന പദത്തിന്റെ അർത്ഥമെന്ത്?
4. മദ്ബഹായിലെ പടികൾ പഴയനിയമത്തിലെ ഏത് പൂർവ്വപിതാവിന്റെ ദർശനവുമായി ബന്ധപ്പെടുത്തിയാണ് വിശദീകരിക്കുന്നത്?
5. കാപ്പ എന്തിന്റെ പ്രതീകാത്മക വസ്ത്രമാണ്?
6. വി. കുർബ്ബാന അർപ്പിക്കാനുള്ള കല്പന കാണുന്നത് പൗലോസ്ശ്ലീഹായുടെ ഏത് ലേഖനത്തിലാണ്?
7. ആരാധനാക്രമത്തിന്റെ വ്യവസ്ഥയനുസരിച്ച് പഴയനിയമം ആരാണ് വായിക്കേണ്ടത്?
8. നമ്മുടെ കുർബ്ബാനയിലെ അനാഫൊറാ എന്തു പേരിലാണ് വിളിക്കപ്പെടുന്നത്?
9. പ്രണാമ ജപവൃത്തത്തിലെ കാർമ്മികൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥന അറിയപ്പെടുന്നത് എങ്ങനെയാണ്?
10. ''ദൈവമഹത്വം ജീവിക്കുന്ന മനുഷ്യനാണ്; എന്നാൽ മനുഷ്യജീവിതമാകട്ടെ ദൈവദർശനമാണ്''ആരുടെ വാക്കുകളാണിത്?
11. അംബ്രോസിയൻ ആരാധനാക്രമം ഇന്നുപയോഗത്തിലുള്ള രൂപത ഏത്?
12. റോമൻ ആരാധനാക്രമത്തിന്റെ അടിസ്ഥാന ഭാഷ ഏത്?
13. പൗരസ്ത്യ സുറിയാനി ആരാധനാക്രമം എന്നുമറിയപ്പെടുന്ന ആരാധനാക്രമ കുടുംബമേത്?
14. പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം ഏത്?
15. AD 384 മുതൽ മറ്റു സഭകളുമായുള്ള ബന്ധം വിടർത്തി സ്വതന്ത്രമായ ശൈലിയിൽ വർത്തിക്കുന്ന പൗരസ്ത്യ കത്തോലിക്കാസഭയേത്?
16. കോപ്റ്റിക് ആരാധനാക്രമം ഏത് ആരാധനാക്രമ കുടുംബത്തിൽപ്പെട്ടതാണ്?
17. അന്ത്യോക്യൻ ആരാധനാക്രമം പാലിക്കുന്ന കേരളത്തിലെ സഭയേത്?
18. സീറോ - മലബാർ സഭ ഉപയോഗിക്കുന്ന അനാഫൊറ രചിച്ചതാര്?
19. കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
20. സീറോ - മലങ്കരസഭ പ്രധാനമായും ഉപയോഗിക്കുന്നത് ആരുടെ പേരിലുള്ള അന്നാഫുറയാണ്?

### *3 മിനിറ്റിൽ കുറയാതെ ഉത്തരം നൽകുക*

1. ലത്തീൻ ആരാധനാക്രമത്തിന്റെ ഘടനയും സവിശേഷതകളും വിവരിക്കുക?
2. മലങ്കര സഭയുടെ കൗദാശിക ദൈവശാസ്ത്രം വിവരിക്കുക?
3. സീറോ മലബാർ കുർബാനയിലെ ആമുഖ ശുശ്രൂഷ വിവരിക്കുക?
4. സഭയിലെ ആരാധനാക്രമവും ജീവിതവും തമ്മിലുള്ള ബന്ധം വിവരിക്കുക?